# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **4201** — **12.11.2019** ൽ മറുപടിക്ക്

## സാമ്പത്തിക ക്രമക്കേടുകളുടെ പേരിൽ ഉദ്യോഗസ്ഥക്കെതിരെ അച്ചടക്ക നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) തൃശ്ശൂർ ടൗൺ വനിതാ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ S.IND(R)228-ലെ സാമ്പത്തിക ക്രമക്കേടുകളുടെ പേരിൽ വകുപ്പ് തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജൂനിയർ സൂപ്പർവൈസർ എച്ച്.എൽ.ടി.സി.ആർ ആയിരുന്ന ബിന്ദു.എസ്സ്. നെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) തൃശ്ശൂർ ടൗൺ വനിതാ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ S. IND(R)228-ലെ വ്യവസായ സഹകരണ സംഘത്തിന്റെ ലിക്വിഡേറ്ററുടെ ചുമതല വഹിച്ചിരുന്ന ശ്രീമതി. എസ്. ബിന്ദു നടത്തിയ സാമ്പത്തിക ക്രമക്കേടുകൾ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കണ്ടെത്തി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 23.10.2018 ലെ DIC/15842/2018/ED1 നമ്പർ നടപടിക്രമം പ്രകാരം ടിയാരിയെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്ത് ഉത്തരവായിരുന്നു. തന്നെ സസ്പെൻഡ് ചെയ്തതിനെതിരെയും തനിക്ക് ഉപജീവന ബത്ത നൽകുന്നതിലെ അപാകതക്കെതിരെയും ശ്രീമതി ബിന്ദു.എസ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിരുന്ന ഒ.എ. നമ്പർ 410/2019, ഒ.എ. നമ്പർ 748/2019 എന്നീ കേസുകളിലെ 22.08.2019 ലെ അന്തിമ വിധിയിൽ ശ്രീമതി ബിന്ദുവിന് സർക്കാരിൽ അപ്പീൽ നൽകുവാനും പ്രസ്തുത അപ്പീൽ പരിഗണിച്ച് ടിയാരിയെ നേരിൽ കേട്ട് അപ്പീൽ തീർപ്പാക്കുവാൻ സർക്കാരിനും നിർദ്ദേശം നൽകിയിരുന്നു.<br><br>തുടർന്ന് 05.10.2019 ലെ വ്യവസായ വാണിജ്യ ഡയറക്ടറുടെ DIC/15842/2018/ED1 നടപടിക്രമം പ്രകാരം ശ്രീമതി.എസ്.ബിന്ദുവിനെ കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രത്തിന് കീഴിലെ വടകര താലൂക്കിലെ കുന്നുമ്മേൽ ബ്ലോക്കിൽ വ്യവസായ വികസന ഓഫീസറായി സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചുകൊണ്ട് വകുപ്പുതല അച്ചടക്ക നടപടികൾ തുടരുവാൻ ഉത്തരവായി.<br><br>22.08.2019 തീയതിയിലെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ ശ്രീമതി എസ്. ബിന്ദു സർക്കാരിൽ സമർപ്പിച്ച അപ്പീൽ പരിഗണിച്ച് സർക്കാർ 01.11.2019 തീയതിയിൽ ടിയാരിയെ നേരിൽ കേൾക്കുകയും ആയതിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ സ്വീകരിച്ച് വരികയുമാണ്. |

സെക്ഷൻ ഓഫീസർ